കാഴ്ചപ്പാട്



സത്യമാണ് എല്ലാ നന്മയുടെയും മഹത്വത്തിന്റെയും അടിസ്ഥാനവും ഉറവിടവും.

- മഹാത്മാഗാന്ധി-

100 വർഷം മുൻപ്

ഒരു തീപിടിത്തം

ബൊമ്പെയിലെ ഏററവും വലിയ യന്ത്രശാലകളിലൊന്നായ റെയിച്ചൽ മില്ലിന്റെ സാമാന ശേഖമുറിയ്ക്കു തീ പിടിക്കുകയാൽ ഏകദേശം നാലു ലക്ഷം രൂപയോളം നഷ്ടം ഭവിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ഇതിനു ഭീമ തീർന്നിട്ടുള്ളതായിരുന്നതിനാൽ ഇതു മിക്കവാറും ഭീമക്കമ്പനിക്കാർ തീർക്കേണ്ടതായിട്ടാണു വന്നിരിക്കുന്നത്.

09–10–1912

നേടാൻ നേരിടാൻ

പൊതു ടോയ്‌ലറ്റുകൾ, ഹോട്ടലുകൾ, വസ്ത്രശാലയിൽ വസ്ത്രം മാറുന്ന മുറികൾ എന്നിവ ഉപയോഗിക്കുമ്പോൾ മൊബൈൽ ക്യാമറ ഒളിപ്പിച്ചു വച്ചിട്ടുണ്ടോ എന്നു പരിശോധിക്കണം.

ESTABLISHED 1888

1188 കന്നി 23, 1433 ദുൽഖഅദ് 22, പുണർതം 15/14, നവമി 51/42

അഴിമതിയിൽ ‘മതി’ എന്നുവരും?

സർക്കാർ വകുപ്പുകളിൽ ശുദ്ധീകരണം വരണം

ബിപിഎൽ കുടുംബങ്ങൾക്കുള്ള ഒരു രൂപയുടെ അരി എന്നതു സമീപകാലത്തു നാം കേട്ട ഏറ്റവും സാമൂഹിക പ്രതിബദ്ധതയുള്ള ആശയങ്ങളിലൊന്നായിരുന്നു. എന്നിട്ടു സംഭവിച്ചതോ? ആ ആശയം അഴിമതിയുടെ പാക്കറ്റിലാക്കി കൊള്ളലാഭക്കാർ ഏറ്റെടുത്തു. ഒരു രൂപയുടെ അരി റേഷൻകടകളിലെത്താതെ കൂടിയ വിലയ്ക്കു പൊതുവിപണിയിലെത്തുന്നതുപോലെ, തെളിഞ്ഞും മറിഞ്ഞും അഴിമതി നിറഞ്ഞാടുകയാണിവിടെ.

സർക്കാരിനും സാധാരണക്കാർക്കുമിടയിലുള്ള കടമ്പകൾ ലഘൂകരിക്കാൻ നിയമങ്ങളും നടപടികളും ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ വിള്ളലുകളിലൂടെ മിക്ക സർക്കാർ വകുപ്പുകളിലൂടെയും അഴിമതി സുഗമം വേരോടിച്ചുപായുന്നു. എത്ര ചെറിയ കാര്യമാണെങ്കിൽപോലും അതു സാധിക്കണമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനു കൈക്കൂലി നൽകണമെന്ന അവസ്ഥ നമ്മുടെ ജനാധിപത്യത്തെ കൊഞ്ഞനംകുത്തുകയല്ലേ? ഭരണകൂടത്തിന്റെ ഇടനാഴികളിൽ മാഫിയകൾ വേരുറപ്പിക്കുന്നതും സ്ഥലംമാറ്റവും നിയമനവുമടക്കമുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നതും തുറന്നുകാട്ടി മലയാള മനോരമ പ്രസിദ്ധീകരിച്ച ‘അഴി’മതിയോ എന്ന പരമ്പര ഈ വിഷയത്തിൽ വെളിച്ചംവീശുന്നതായി.

രാഷ്ട്രീയക്കാരിലെയും ഉദ്യോഗസ്ഥരിലെയും ഒരു വിഭാഗവും നിയമലംഘകരുടെ മാഫിയയും അഴിമതി നടത്തി തടിച്ചു കൊഴുക്കുമ്പോൾ സാധാരണക്കാരുടെ കീശയാണു ചോരുന്നത്. നിയമനങ്ങളും സ്ഥലംമാറ്റങ്ങളുമടക്കമുള്ള കാര്യങ്ങളിൽ കൈക്കൂലിയും സ്വജനപക്ഷപാതവും മാനദണ്ഡങ്ങളാകുമ്പോൾ അർഹതപ്പെട്ടവർക്കു നീതി നിഷേധിക്കപ്പെടുന്നു; ജനാവകാശങ്ങൾ മുതൽ നികുതിപ്പണം വരെ കൊള്ളയടിക്കപ്പെടുന്നു. കൈക്കൂലി നൽകി ഇഷ്ടസ്ഥലങ്ങളിലും തസ്തികകളിലും എത്തുന്ന ഉദ്യോഗസ്ഥർ ജനത്തെ പിഴിഞ്ഞും പ്രകൃതിയെ ചൂഷണം ചെയ്തും വഴിവിട്ടു സഹായിച്ചും നിയമലംഘനങ്ങൾക്കു നേരെ കണ്ണടച്ചും ലക്ഷങ്ങളാണു സമ്പാദിക്കുന്നത്. സർക്കാർ വകുപ്പുകളിലെ സ്ഥലംമാറ്റങ്ങൾ നിയന്ത്രിക്കുന്ന ഇടനിലക്കാർ മിക്ക വകുപ്പുകളിലുമുണ്ട്. ഇവരെ നിലയ്ക്കുനിർത്താൻ സ്ഥലംമാറ്റത്തിനു കൃത്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയാണു വേണ്ടത്.

ഉദ്യോഗം അഴിമതി നടത്താൻ മാത്രമാണെന്നാണു ചിലരുടെ ഭാവം. അത്തരം വകുപ്പുകളിൽ എന്തുകാര്യം നടക്കണമെങ്കിലും, ഫയലുകൾ ഒരു മേശയിൽ നിന്ന് അടുത്ത മേശയിൽ എത്തണമെങ്കിൽപോലും, കൈക്കൂലി ഘോഷയാത്ര നടത്തണം. പല വകുപ്പുകളിലും വ്യവസ്ഥാപിത രീതിയിൽ തന്നെ മാസപ്പടി നിലനിൽക്കുന്നു. സിവിൽ സപ്ലൈസ് വകുപ്പിലെ മാസപ്പടിയുടെ കണക്കുകൾ പുറത്തുവന്നുകഴിഞ്ഞു. സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്നു നിയമംമൂലം ഉറപ്പാക്കുന്ന സാഹചര്യത്തിൽ പോലും ഇതാണ് അവസ്ഥ.

പൊതുവിതരണ ശൃംഖലയിൽ അർബുദം പോലെ പടരുന്ന അഴിമതിക്കു തടയിട്ടില്ലെങ്കിൽ സാധാരണക്കാരന്റെ അത്താണി എന്നു പറയാവുന്ന റേഷൻകടകൾ വെറും നോക്കുകുത്തികളാകും. മോട്ടോർവാഹനം, പൊതുമരാമത്ത്, തുറമുഖം, ആരോഗ്യം, സഹകരണം, പൊലീസ് എന്നിങ്ങനെ മിക്ക വകുപ്പിലും നടക്കുന്ന അഴിമതികളെക്കുറിച്ചു പരമ്പരയിൽ കണ്ടെത്തലുകളുണ്ടായിരുന്നു. റോഡിനുള്ള ഫണ്ടിൽ തിരിമറി നടക്കുമ്പോൾ സ്വാഭാവികമായും നിർമാണത്തിന്റെ നിലവാരവും കുറയും. വെട്ടിക്കുന്ന തുക പങ്കുവച്ചു കരാറുകാരും ഉദ്യോഗസ്ഥരും ആഡംബര ജീവിതം നയിക്കുമ്പോൾ പൊട്ടിപ്പൊളിഞ്ഞ റോഡിലൂടെ സഞ്ചരിക്കാനാണു ജനത്തിന്റെ വിധി. സർക്കാർ ചെലവിടുന്ന ഓരോ രൂപയിലും 16 പൈസ മാത്രമേ ഗുണഭോക്താവിലെത്തുന്നുള്ളൂ എന്നു മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി പറഞ്ഞതിന്റെ പ്രസക്തി ഇപ്പോഴും നഷ്ടപ്പെട്ടിട്ടില്ല; ശതമാനത്തിൽ വ്യത്യാസമുണ്ടാകാമെങ്കിലും. ജനത്തിനും സമൂഹത്തിനും കാവലാകേണ്ട പൊലീസിൽ പോലും നിയമലംഘകരോടു കൂട്ടുചേർന്നു കൊള്ളപ്പണത്തിന്റെ പങ്കുപറ്റുന്നവരുണ്ടെന്നു വരുമ്പോൾ സാധാരണക്കാരന് ആശ്രയമായി പിന്നെ ആരുണ്ട്?

ചില വകുപ്പുകളിലെങ്കിലും അഴിമതി കുറഞ്ഞുവരുന്നതു പരമ്പരയിലൂടെ ചൂണ്ടിക്കാട്ടുകയുണ്ടായി. കംപ്യൂട്ടർവൽക്കരണത്തിലൂടെ അഴിമതി ഒരു പരിധിവരെ തടയാനാകുമെന്ന കാര്യത്തിൽ സംശയമില്ല. മനോരമ പരമ്പരയുടെ പ്രതികരണമായി ചില നടപടികൾ സ്വീകരിക്കുമെന്ന ഭക്ഷ്യ - സിവിൽ സപ്ലൈസ് മന്ത്രി അനൂപ് ജേക്കബിന്റെ പ്രസ്താവന അൽപം ആശ്വാസം പകരുന്നതു തന്നെ. അഴിമതിക്കെതിരെ ശക്തമായ നിലപാടെടുക്കുമെന്നു ചില സംഘടനകളും വാഗ്ദാനം നൽകിയിട്ടുണ്ട്. ഭരണത്തിന്റെ സകല വകുപ്പുകളിലും ശുദ്ധീകരണം നടത്താനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. മുഖംനോക്കാതെയുള്ള ശക്തമായ നടപടികൾ ധൈര്യപൂർവം സ്വീകരിക്കുകയും അഴിമതി നടത്താനുള്ള അവസരങ്ങൾ ഇല്ലാതാക്കുകയും അഴിമതിക്കാർക്കു മാതൃകാപരമായ ശിക്ഷ നൽകുകയും വേണം. എല്ലാറ്റിനുമുപരി, ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതു കൈക്കൂലി കൊടുക്കുന്നവരും വാങ്ങുന്നവരും തന്നെയല്ലേ?

കരിഞ്ഞുണങ്ങുന്ന കാർഷിക കേരളം

പെയ്യാതെ പോയ കാലവർഷം കേരളത്തിനെ വരൾച്ചയുടെ തീച്ചൂളയിലേക്കു തള്ളിയിടുകയാണോ? കന്നി മാസത്തിൽ തന്നെ നാടും നഗരവും വേനൽച്ചൂടറിയുകയാണ്. ജലസ്രോതസ്സുകൾ വറ്റിവരണ്ടു. വിളകളെല്ലാം കരിയുന്നു. മഴക്കുറവിനെ എങ്ങനെ നേരിടണമെന്നറിയാതെ ഉഴറുകയാണു കർഷകർ. തുലാവർഷവും കൂടി ചതിച്ചാൽ കൊടിയ വേനലാകും നമ്മളെ കാത്തിരിക്കുന്നത്. തോട്ടങ്ങൾ കരിഞ്ഞുണങ്ങുമ്പോൾ വാടിവീഴുന്നതു കർഷകന്റെ സ്വപ്നങ്ങളാണ്. കേരളത്തിന്റെ കാർഷിക മേഖലകളുടെ ആശങ്കകളിലൂടെ...



വയനാടല്ലിത് മഴയില്ലാ നാട്

മഴയുടെ കുറവും കാലാവസ്ഥാ വ്യതിയാനവും വയനാടൻ കാർഷികമേഖലയെ തകർച്ചയിലാക്കിയിരിക്കുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ചു മഴയിൽ പകുതിയോളം കുറവ് വയനാട്ടിലുണ്ടായി. സംസ്ഥാനത്ത് ഇത്തവണ ഏറ്റവും കുറവു മഴയുണ്ടായതും ജില്ലയിലാണ്. ജില്ലയുടെ നട്ടെല്ലായ നെല്ല്, കുരുമുളക്, ഇഞ്ചി, കാപ്പി എന്നിവയുടെ ഉൽപാദനത്തെ ബാധിച്ചു. ഉൽപന്നങ്ങൾക്കു സാമാന്യം വില വന്നുതുടങ്ങിയ കാലത്താണു കാലാവസ്ഥാ വ്യതിയാനം മൂലം വിള നശിക്കുന്നതും ഉൽപാദനം കുറയുന്നതും.

ചൂടുകൂടിയതോടെ രോഗങ്ങളും കൂടിയതാണു കുരുമുളകിനെ ബാധിച്ചത്. കഴിഞ്ഞ പത്തുവർഷം മുൻപുള്ളതും ഇപ്പോഴത്തെ അവസ്ഥയും നോക്കുമ്പോൾ കുരുമുളക് ഉൽപാദനത്തിൽ 80 ശതമാനത്തിന്റെ കുറവാണ് ഉണ്ടായത്. കതിരിടുന്ന സമയത്തു മഴ ഇത്തവണ ഉണ്ടായിരുന്നില്ലെന്നതിനാൽ കുരുമുളക് ഉൽപാദനം ഇത്തവണയും കുറയും. വില എത്ര ഉയർന്നാലും കർഷകർക്കു ഗുണമുണ്ടാകില്ല. കുരുമുളകിന്റെ പ്രധാന മേഖലയായ പുൽപള്ളിയിൽ അന്തരീക്ഷ ഊഷ്മാവ് വല്ലാതെ വർധിച്ചു കർണാടകയ്ക്കു സമാനമായി.

കാലാവസ്ഥാ പിഴവുമൂലം ഇത്തവണ കാപ്പി ഉൽപാദനത്തിൽ 40% കുറവാണു കോഫീ ബോർഡ് കണക്കാക്കുന്നത്. പൂമഴ, പിൻമഴ എന്നിവ കൃത്യസമയത്തു കിട്ടാത്തത് ഉൽപാദനത്തെ ബാധിക്കുന്നു.

മഴയില്ലാത്തതുമൂലം നെൽവയലുകളിൽ പലയിടത്തും നടീൽ നടന്നില്ല. പലയിടത്തും നട്ട വിളകൾ നശിച്ചു. നെൽക്കൃഷിയിലും നാൽപതു ശതമാനത്തോളം കുറവുണ്ടാകുമെന്നു കരുതുന്നു. നെൽക്കൃഷിയില്ലാത്ത വയലുകളിൽ വാഴ നട്ടെങ്കിലും മഴയില്ലാത്തതിനാൽ അവയും കരിഞ്ഞുതുടങ്ങി.

വയനാട്ടിലെ കർഷകരെ വീണ്ടും ആത്മഹത്യയിലേക്കു നയിച്ചത് ഇഞ്ചിയുടെ വിലക്കുറവും നാശവുമാണ്. മഴയില്ലാത്തതിനാൽ ഇഞ്ചി നടീൽ പതിവായി വൈകുന്നു. ചൂടു കൂടിയതോടെ ഉൽപാദനം കുറഞ്ഞു. കിഴങ്ങ് വലുപ്പം വച്ചില്ല. മഴയില്ലാത്തതുമൂലം ഇത്തവണ വളപ്രയോഗവും കൃത്യമായി നടന്നില്ല.

വിളനാശത്തിന്റെ കാലത്തും കർഷകർ പിടിച്ചുനിന്നതു ക്ഷീരമേഖലയുടെ സഹായം കൊണ്ടായിരുന്നു. ചൂടു വർധിച്ചതോടെ പച്ചപ്പുല്ല് ഇല്ലാതായി. ഇതു പാലിന്റെ അളവിനെയും ബാധിച്ചു.

കുടിനീർ പോലുമില്ലാതെ പാലക്കാട്

പ്രധാനമായും അണക്കെട്ടുകളെ ആശ്രയിച്ചു കൃഷിയിറക്കുന്ന പാലക്കാട് വരൾച്ചയിലേക്കു നീങ്ങുകയാണ്. സമയത്തിനും ആവശ്യത്തിനും മഴ ലഭിക്കാതെ ബുദ്ധിമുട്ടിയാണു കർഷകർ ഒന്നാംവിള ഇറക്കിയത്. വളംചെയ്യാനും നെൽച്ചെടിക്കു തഴച്ചുവളരാനും മഴയുണ്ടായില്ല. അതോടെ ഇത്തവണ വിളവ് ഇരുപതു ശതമാനത്തിലധികം കുറയുമെന്നാണു സൂചന. രണ്ടാംവിള ഇറക്കുന്നതിനെക്കുറിച്ച് ആശങ്കയിലാണു കർഷകർ. ഡാമുകളിൽ ശരാശരി 45 ദിവസത്തേക്കുള്ള വെള്ളമാണു ബാക്കി. നെൽക്കൃഷിക്കും കുടിനീർ വിതരണത്തിനും അതാണ് ഉപയോഗിക്കേണ്ടത്. പറമ്പിക്കുളം, മലമ്പുഴ അണക്കെട്ടുകളിൽ ആവശ്യത്തിനു വെള്ളമില്ലാത്തതാണു രണ്ടാംകൃഷിയെ അനിശ്ചിതത്വത്തിലാക്കിയിരിക്കുന്നത്. സാധാരണ 52,000 ഹെക്ടർ സ്ഥലത്താണു രണ്ടാംകൃഷി ചെയ്യുന്നത്.

വരൾച്ചയുടെ സാഹചര്യത്തിൽ തുലാമഴയ്ക്കൊപ്പം അണക്കെട്ടുകളിലെ വെള്ളം ക്രമീകരിച്ച് ഉപയോഗിക്കുകയും ചെയ്താൽ കാൽ ലക്ഷം ഹെക്ടറിൽ കൃഷി ഇറക്കാമെന്നാണു കണക്കുകൂട്ടൽ.

ഡാമിന്റെ സുരക്ഷയ്ക്കു വേണ്ട വെള്ളമൊഴിച്ചു പറമ്പിക്കുളം അണക്കെട്ടിൽ കൃഷിക്ക് ഉപയോഗിക്കാൻ തമിഴ്നാടിനു കൂടി അവകാശപ്പെട്ട 6.2 ടിഎംസി വെള്ളമാണ് ഇപ്പോഴുള്ളത്. ചിറ്റൂർപുഴ പദ്ധതിപ്രദേശത്ത് 20,000 ഹെക്ടർ രണ്ടാംകൃഷി ഇറക്കാൻ ഏതാണ്ട് 6.5 ടിഎംസി വെള്ളം വേണം. പറമ്പിക്കുളത്തെ വെള്ളം ആളിയാറിലെത്തിച്ചാണ് ഉപയോഗിക്കുന്നത്. പറമ്പിക്കുളം - ആളിയാർ കരാർ അനുസരിച്ചു കേരളത്തിനു ലഭിക്കേണ്ട വെള്ളം പോലും വരൾച്ച കാരണം അണക്കെട്ടിൽ ഇല്ലെന്നാണു റിപ്പോർട്ട്. വെള്ളം ലഭിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ നെൽക്കൃഷി ഇറക്കേണ്ടെന്നു മേഖലയിലെ 18 പാടശേഖരസമിതികൾ തീരുമാനിച്ചു. മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിക്കാൻ നിർദേശമുണ്ടെങ്കിലും അതിനുള്ള വെള്ളംപോലും ലഭിക്കുമോയെന്ന് ഉറപ്പില്ല. പറമ്പിക്കുളം മേഖലയിൽ ഇത്തവണ 40% മഴയുടെ കുറവുണ്ട്.

ജില്ലയിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ മലമ്പുഴ അണക്കെട്ടിനെ ആശ്രയിച്ചാണു കാൽലക്ഷം ഹെക്ടർ നെൽക്കൃഷി നടത്തുന്നത്. രണ്ടാം വിളയ്ക്ക് ആവശ്യമായ മുഴുവൻ വെള്ളവും ഉപയോഗിച്ചാൽ രണ്ടാഴ്ചയ്ക്കുള്ളിൽ ഡാമുകൾ അടയ്ക്കേണ്ടിവരുമെന്ന് അധികൃതർ പറയുന്നു

പച്ചക്കറി രണ്ടാം കൃഷിയുടെ വിത്തുകൾ മുളച്ചു പടരുന്ന സ്ഥിതിയായെങ്കിലും ഇതുവരെ ഒരു മഴ പോലും കിട്ടിയിട്ടില്ല. പുഴയും തോടും കുളങ്ങളുമാണ് 80% പച്ചക്കറി കൃഷിക്കാരുടെ ആശ്രയം. മുളപൊട്ടി വളർന്നുതുടങ്ങിയ ചെടികൾ പലയിടത്തും മുരടിച്ചു. രണ്ടാഴ്ചയ്ക്കുള്ളിൽ മഴ ലഭിച്ചില്ലെങ്കിൽ വളം പ്രയോഗിക്കാനാവില്ല. ശരാശരി 7000 ഹെക്ടർ സ്ഥലത്താണു ജില്ലയിൽ പച്ചക്കറിക്കൃഷി. വർഷത്തിൽ ലക്ഷം ടൺ പച്ചക്കറികളാണ് ഉൽപാദിപ്പിക്കുന്നത്. ഏത്തവാഴക്കൃഷിയും നഷ്ടത്തിലേക്ക് ഒടിഞ്ഞുവീഴുകയാണ്. വെള്ളമില്ലാതെ വാഴകൾ ഒടിഞ്ഞുതൂങ്ങി തുടങ്ങി. കായ്ക്കു വിലകുറഞ്ഞ സമയം കൂടിയാണിത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഏത്തവാഴക്കൃഷി ചെയ്യുന്നതു പാലക്കാട് ജില്ലയിലാണ് - 19,700 ഹെക്ടർ.

അട്ടപ്പാടി മേഖലയുടെ വിവിധഭാഗങ്ങളിൽ വരൾച്ച രൂക്ഷമായിരിക്കുന്നു. കിഴക്കൻ മേഖലയിലെ കുടുംബങ്ങൾ നാലു കിലോമീറ്റർ സഞ്ചരിച്ചു വണ്ടിയിൽ തമിഴ്നാട്ടിൽ നിന്നാണു കുടിവെള്ളം കൊണ്ടുവരുന്നത്. ഈ സീസണിൽ പച്ചക്കറിയും നെൽക്കൃഷിയും ഇറക്കിയിട്ടില്ല. കന്നുകാലികളെ വളർത്തിയിരുന്നവർ അവയെ വിറ്റഴിക്കുകയാണ്. ആവശ്യത്തിനു വെള്ളവും തീറ്റയും നൽകാൻ കഴിയാത്തതാണു കാരണം. പുതൂർ പഞ്ചായത്തു പൂർണമായും ഷോളയൂർ പഞ്ചായത്തിന്റെ പകുതിയും രൂക്ഷമായ ജലക്ഷാമത്തിലാണ്. തമിഴ്നാടിനോടു ചേർന്ന കിഴക്കൻ അട്ടപ്പാടിയിലെ മലയോരങ്ങളിൽ മരങ്ങളും ചെടികളും കരിഞ്ഞുണങ്ങി. ശക്തമായ ഉഷ്ണക്കാറ്റ് ദുരിതം വർധിപ്പിക്കുന്നു.

മുള്ളിയൂരിലെ കുന്തിപ്പുഴ വറ്റിവരണ്ടു. മുള്ളിയൂരിലെ ആദിവാസി ഊരുകളിൽ നിന്നുള്ളവരാണു കുടിനീർ തേടി തമിഴ്നാട്ടിൽ പോകുന്നത്. കൃഷിയും കന്നുകാലി വളർത്തലും ആശ്രയിച്ചു കഴിഞ്ഞിരുന്നവർ നിത്യച്ചെലവിനു ബുദ്ധിമുട്ടി തുടങ്ങി. 10 വർഷം മുൻപാണ് ഇത്തരമൊരു ‘ഉണക്ക്’ ഉണ്ടായതെന്ന് ആദിവാസികൾ പറയുന്നു. അന്നും പുഴ മുഴുവൻ വറ്റിയിരുന്നില്ലത്രേ.

കർഷകന്റെ കണ്ണീരിൽ മുങ്ങി ഇടുക്കി

കൊടുംവരൾച്ചയെ അഭിമുഖീകരിക്കുകയാണ് ഇടുക്കി. കാർഷിക വിളകൾ കരിഞ്ഞുണങ്ങുകയാണു മലയോര മേഖലകളിൽ. കാലവർഷം ചതിച്ചതോടെ കർഷകർ വൻ പ്രതിസന്ധിയിലായി. അണക്കെട്ടുകളിൽ ജലനിരപ്പു താഴ്ന്നതോടെ ജലക്ഷാമവും രൂക്ഷമായിരിക്കുകയാണ്.

ജില്ലയിലെ വാത്തിക്കുടി, മരിയാപുരം, കാമാക്ഷി എന്നീ പഞ്ചായത്തുകളിൽ വരൾച്ചയെ തുടർന്നു വ്യാപക കൃഷിനാശമുണ്ടായെന്നു ചൂണ്ടിക്കാട്ടി കൃഷിവകുപ്പ് ഡയറക്ടർക്കു രണ്ടാഴ്ച മുൻപു റിപ്പോർട്ട് നൽകി. കാന്തല്ലൂർ, മറയൂർ, വട്ടവട മേഖകളിൽ വരൾച്ച രൂക്ഷമാണ്. മറയൂരിലെ കരിമ്പു കൃഷി, കാന്തല്ലൂർ വട്ടവട എന്നിവിടങ്ങളിലെ ശീതകാല പച്ചക്കറിക്കൃഷി എന്നിവയും നശിച്ചു. ആയിരം ഏക്കർ കരിമ്പുകൃഷിയാണ് ഉണങ്ങി നശിച്ചത്.

കർശനാട് മേഖലയിൽ കരിമ്പ്, കമുക്, കുരുമുളക് തുടങ്ങിയ വിളകൾ പാടേ ഉണങ്ങിനശിച്ച അവസ്ഥയിലാണ്. കർശനാട് മേഖലയിൽ കരിമ്പു കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നാശമുണ്ടായത് കമുകിനും കുരുമുളകിനുമാണ്. ഇവിടെ മാത്രം ഏകദേശം രണ്ടായിരം കമുകാണ് ഉണങ്ങിക്കരിഞ്ഞു നിൽക്കുന്നത്. അത്യുൽപാദന ശേഷിയുള്ള മംഗള ഇനത്തിൽപ്പെട്ട ഇവയിൽ ഭൂരിഭാഗവും വിളവെടുത്തിരുന്നവയാണ്. ഉണങ്ങിയ കമുകുകളോടൊപ്പം അതിൽ പടർത്തിയിരുന്ന കുരുമുളകു വള്ളികളും നശിച്ചിട്ടുണ്ട്. പച്ചക്കറികളിൽ ഉരുളക്കിഴങ്ങിനാണ് ഏറ്റവും കൂടുതൽ നാശം ഉണ്ടായിരിക്കുന്നത്. കാന്തല്ലൂർ പഞ്ചായത്തിനെ വരൾച്ചബാധിത പഞ്ചായത്തായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു കർഷകർ ജില്ലാ കലക്ടർക്കു നിവേദനം നൽകിയിട്ടുണ്ട്. പാട്ടത്തിനെടുത്ത് കാരറ്റും കാബേജും ബീൻസും കൃഷിയിറക്കിയവരും ദുരിതത്തിലാണ്. നാലു പതിറ്റാണ്ടിനിടെയുണ്ടായ കൊടിയ വരൾച്ചയിൽ നട്ടംതിരിയുകയാണ് കാന്തല്ലൂർ, വട്ടവട മേഖലയിലെ ശീതകാല കർഷകർ.

മുൻവർഷങ്ങളെ അപേക്ഷിച്ചു മഴയിൽ പകുതിയോളം കുറവുണ്ടായ വയനാട്ടിൽ നെല്ല്, കുരുമുളക്, ഇഞ്ചി, കാപ്പി എന്നിവയുടെ ഉൽപാദനം പ്രതിസന്ധിയിലായി. പ്രധാനമായും അണക്കെട്ടുകളെ ആശ്രയിച്ചു കൃഷിയിറക്കുന്ന പാലക്കാട്ട് ഇത്തവണ വിളവ് ഇരുപതു ശതമാനത്തിലധികം കുറയുമെന്നാണു സൂചന. കൊടുംവരൾച്ചയെ അഭിമുഖീകരിക്കുകയാണ് ഇടുക്കി. കാർഷിക വിളകൾ കരിഞ്ഞുണങ്ങുകയാണു മലയോര മേഖലകളിൽ. മഴയെ ആശ്രയിച്ചു കഴിയുന്ന കുട്ടനാടൻ കർഷകരുടെ ജീവിതത്തിൽ കാലാവസ്ഥാ വ്യതിയാനം കടുത്ത വെല്ലുവിളി ഉയർത്തുന്നു.

ഓർമയാകുമോ കുട്ടനാടിന്റെ കാർഷിക സമൃദ്ധി

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ലോവർ കുട്ടനാട്, അപ്പർ കുട്ടനാട്, കായൽ മേഖല എന്നിങ്ങനെ വ്യാപിച്ചുകിടക്കുന്ന നെൽക്കൃഷി ഭൂമി കേരളത്തിന്റെ നെല്ലറയാണ്. നെല്ലു കൂടാതെ തെങ്ങും പച്ചക്കറിയും കുട്ടനാടൻ കർഷകരുടെ ആദായമാർഗം തന്നെ. മഴയെ ആശ്രയിച്ചു കൃഷിചെയ്യുന്ന കുട്ടനാട് കഴിഞ്ഞ കുറെ വർഷങ്ങളായി മഴ കുറയുന്നതു കണ്ടു ഭയപ്പെട്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം കർഷക ജീവിതത്തിൽ കടുത്ത വെല്ലുവിളി ഉയർത്തുന്നു.

കൃഷിക്കു യഥാസമയം മഴയും ചൂടും ലഭിക്കാത്തതിനാൽ അപ്രതീക്ഷിത കൃഷിനാശമാണു പലപ്പോഴും നേരിടേണ്ടിവരുന്നത്. ലഭിക്കുന്ന മഴ തന്നെ ആവശ്യമായ അളവിൽ ഇല്ലെന്നു മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രം മേധാവി ഡോ. എസ്. ലീനാകുമാരി പറയുന്നു. അനവസരത്തിലെ അതിവർഷവും ഭീഷണിയാകുന്നു. നവംബർ പതിനഞ്ചോടെ പുഞ്ചക്കൃഷിക്കു വിത തുടങ്ങുന്നതിനാൽ അതിനു മുൻപേ മഴ ലഭിക്കേണ്ടതാണ്. ജൂൺ, ജൂലൈ മാസത്തിൽ രണ്ടാംകൃഷിയുടെ വിതയ്ക്കു മുൻപേയും മഴ കിട്ടണം. ഒക്ടോബർ - നവംബർ മാസങ്ങളിൽ കിട്ടേണ്ട മഴ നവംബർ ഒടുവിലേക്കു നീങ്ങിയാൽ പോലും പ്രയോജനമില്ലാതെ വരും. പുഞ്ചയുടെ വിതയ്ക്കു മുൻപേ മഴ ലഭിക്കാതെ വന്നാൽ പാടത്തെ പുളി ഇളകിപ്പോകാതെ അവിടെത്തന്നെ കിടക്കും. ഇതു തുടർന്നുള്ള കൃഷിയെ നാശത്തിലേക്കു നയിക്കും. മഴയുടെ കുറവ് നെല്ലിന്റെ ദൃഢത ഇല്ലാതാക്കുന്നതിനു പുറമേ കീടരോഗങ്ങൾക്കും കാരണമാകും.

മഴയുടെ ഇപ്പോഴത്തെ കുറവ് കേരകൃഷിയിൽ പ്രതിഫലിക്കുന്നത് ഒന്നോ ഒന്നരയോ വർഷത്തിനു ശേഷമായിരിക്കാമെന്നു വിദഗ്ധർ പറയുന്നു. കാലാവസ്ഥാ വ്യതിയാനം ഇത്തരത്തിൽ തുടർന്നാൽ 2014 ആകുന്നതോടെ ജലസ്രോതസ്സുകൾ വറ്റുന്നത് ഉൾപ്പെടെയുള്ള ഗുരുതര ഭീഷണി നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പുമുണ്ട്.

സ്ഥലംമാറ്റത്തിലെ അഴിമതി: തെളിവ് നൽകാൻ തയാർ

പ്രതികരണം

വൈദ്യുതി ബോർഡിൽ സ്ഥലംമാറ്റത്തിന്റെ ഭാഗമായി നടക്കുന്ന അഴിമതി സംബന്ധിച്ചു മലയാള മനോരമ പരമ്പരയിൽ പറഞ്ഞ കാര്യങ്ങൾ യഥാർഥമാണ്. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ടു ബോർഡിലെ സംഘടനകളുമായി കൂടിയാലോചിക്കുമെന്നതു ശരിതന്നെ. അതനുസരിച്ചു ജനറൽ ട്രാൻസ്ഫർ പട്ടിക പരാതിക്ക് ഇടവരുത്താതെ ഇറക്കും. എന്നാൽ, അതിനു ശേഷം ‘അനോമലി’ എന്ന പേരിൽ ഇറക്കുന്ന ഉത്തരവുകളിലാണ് അഴിമതി നടക്കുന്നത്. കാശുകൊടുക്കുന്നവർക്കു നിയമവിരുദ്ധമായി സ്ഥലംമാറ്റം റദ്ദാക്കി നൽകും. ചിലരെ അവർക്കിഷ്ടപ്പെട്ട സ്ഥലത്തേക്കു മാറ്റി നിയമിക്കും. ഭരണസ്വാധീനത്തിന്റെ പേരിൽ ഇതിനായി ഉന്നത ഉദ്യോഗസ്ഥരുടെ മേൽ സമ്മർദം ചെലുത്തുന്നു.

ഏതു സംഘടനയിൽ പെട്ടവർക്കും കാര്യം സാധിക്കാൻ പണം കൊടുത്താൽ മതി. ഇതിനു നേതൃത്വം നൽകുന്നതു വൈദ്യുതി ബോർഡിൽ നിന്നു വിരമിച്ച, ഓഫിസർ സംഘടനയുടെ നേതാവാണ്. വൻതുക കോഴ വാങ്ങി ബോർഡിലെ ഇടത് അനുകൂല ഓഫിസർ സംഘടനയുടെ ആളുകളിൽ പലരെയും അനോമലിയുടെ പേരിൽ നിയമവിരുദ്ധമായി സ്ഥലംമാറ്റത്തിൽ നിന്നു സംരക്ഷിച്ചു നിർത്തിയിരിക്കുകയാണ്.

സർക്കാരിനെയും മന്ത്രിയെയും കരിതേയ്ക്കുന്ന ഇത്തരം നടപടികളെക്കുറിച്ച് അന്വേഷിക്കാൻ ബന്ധപ്പെട്ടവർ തയാറായാൽ തെളിവു നൽകാൻ തയാറാണ്.

കല്ലിയൂർ മുരളി
പ്രസിഡന്റ്, കെഎസ്ഇബി മിനിസ്റ്റീരിയൽ ഓഫിസേഴ്സ് അസോസിയേഷൻ.

ശീതകാലത്തിലേക്കു വേണ്ടത് ശീതസമരമോ സ്തംഭനമോ?

ന്യൂഡൽഹി

സച്ചിദാനന്ദമൂർത്തി

പാർലമെന്റ് സ്തംഭനം തുടരണോ? ബിജെപി അധ്യക്ഷൻ നിതിൻ ഗഡ്കരിയുടേതാണു ചോദ്യം. മുതിർന്ന നേതാക്കളായ എൽ.കെ. അഡ്വാനി, സുഷമ സ്വരാജ്, അരുൺ ജെയ്റ്റ്ലി എന്നിവരോടാണു ചോദ്യം. ശീതകാല സമ്മേളനത്തിനുള്ള തന്ത്രങ്ങൾ കൂടിയാലോചിക്കാനും ഗഡ്കരി മൂവരോടും ആവശ്യപ്പെട്ടു.

പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ രാജി ആവശ്യപ്പെട്ടു മഴക്കാല സമ്മേളനം പൂർണമായും ബിജെപി തടസ്സപ്പെടുത്തി. കൽക്കരി കുംഭകോണം രാജ്യം കണ്ട ഏറ്റവും വലിയ അഴിമതിയാണെന്നും ഖജനാവിനുണ്ടായ നഷ്ടത്തിനു പ്രധാനമന്ത്രി നേരിട്ട് ഉത്തരവാദിയാണെന്നുമായിരുന്നു ബിജെപിയുടെ ന്യായീകരണം.

ചർച്ചയ്ക്കുള്ള ക്ഷണം നിരസിച്ച ബിജെപി മൻമോഹൻ സിങ് രാജിവയ്ക്കാതെ പാർലമെന്റിന്റെ പ്രവർത്തനം അനുവദിക്കില്ലെന്നും വ്യക്തമാക്കി. എന്നാൽ സിങ് വഴങ്ങിയില്ല. സർക്കാർ തീരുമാനത്തെ ന്യായീകരിച്ചു പാർലമെന്റിൽ പ്രസ്താവനയിറക്കിയ പ്രധാനമന്ത്രി കൽക്കരിപ്പാടങ്ങളുടെ ലേലത്തെ എതിർത്തതിനു പ്രതിപക്ഷ പാർട്ടികളിൽപ്പെട്ട മുഖ്യമന്ത്രിമാർക്കു നേരെ വിരൽചൂണ്ടുകയും ചെയ്തു. അനധികൃതമായി കൽക്കാരിപ്പാടം ലഭിച്ച കമ്പനികളിലും ചില കോൺഗ്രസ് എംപിമാരുടെ വീടുകളിലും സിബിഐ റെയ്ഡ് നടത്തിയെങ്കിലും തന്റെ ഭാഗത്തു തെറ്റില്ലെന്ന നിലപാടിൽ സിങ് ഉറച്ചുനിന്നു.

പ്രധാനമന്ത്രിയെ തറപറ്റിക്കാൻ പാർലമെന്റ് സ്തംഭനം മാത്രമാണു പോംവഴിയെന്നു വാദിച്ചത് അഡ്വാനി, സുഷമ സ്വരാജ്, മുൻ ധനമന്ത്രി യശ്വന്ത് സിൻഹ തുടങ്ങിയവരാണ്. എന്നാൽ പാർട്ടി മറ്റു വഴികളും നോക്കണമെന്നായിരുന്നു അരുൺ ജെയ്റ്റ്ലി, രാജ്നാഥ് സിങ് തുടങ്ങിയവരുടെ അഭിപ്രായം.

എന്നാൽ മഴക്കാല സമ്മേളനത്തിനു ശേഷം രാഷ്ട്രീയ കാലാവസ്ഥ മാറി. തൃണമൂൽ കോൺഗ്രസ് പിന്തുണ പിൻവലിച്ചതോടെ യുപിഎ ന്യൂനപക്ഷമായി. പുറത്തു നിന്നു പിന്തുണയ്ക്കുന്ന സമാജ്‌വാദി പാർട്ടിയെയും ബിഎസ്പിയെയും മറ്റു ചില ചെറു പാർട്ടികളെയും ആശ്രയിച്ചാണു നിലനിൽപ്.

ചില്ലറവ്യാപാരം, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ മേഖലകളിൽ വിദേശനിക്ഷേപം അനുവദിക്കാനുള്ള വിവാദ തീരുമാനത്തോടെ സർക്കാരിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിനെക്കുറിച്ചു മമത സംസാരിച്ചു തുടങ്ങി. ചില്ലറവ്യാപാരത്തിലെ വിദേശ നിക്ഷേപത്തെ സമാജ്‌വാദി പാർട്ടിയും ഡിഎംകെയും എതിർക്കുന്നു. ഇതു സർക്കാരിന്റെ നില പരുങ്ങലിലാക്കും. പക്ഷേ, ചില ബിജെപി നേതാക്കൾ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്നില്ല. അവിശ്വാസ പ്രമേയം കൊണ്ടുവന്നാൽ പ്രതിപക്ഷത്തെ ഭിന്നിപ്പിക്കാനുള്ള എല്ലാ അടവും കോൺഗ്രസ് പയറ്റുമെന്നും ഒടുവിൽ പാർലമെന്റിന്റെ പിന്തുണ നേടി എന്ന് അവകാശപ്പെടുമെന്നും അവർ കരുതുന്നു.

അതുകൊണ്ടാണു മുന്നോട്ടുള്ള വഴിയെക്കുറിച്ച് ആലോചിക്കാൻ ഗഡ്കരി പാർലമെന്റിലെ നേതാക്കളോട് ആവശ്യപ്പെട്ടത്. യുപിഎയ്ക്കെതിരായ അവിശ്വാസ പ്രമേയത്തിനു തടസ്സമുണ്ടായാലും കൽക്കരി കുംഭകോണത്തിൽ കേന്ദ്രീകരിച്ചു പാർലമെന്റ് സ്തംഭനം തുടരണോ എന്നതാണ് ഒരു ചോദ്യം. അതല്ലെങ്കിൽ നിലപാട് അൽപം മയപ്പെടുത്തി പാർലമെന്റ് തടസ്സപ്പെടുത്തില്ലെന്ന് അറിയിക്കുകയും കൽക്കരി കുംഭകോണവും വിദേശ നിക്ഷേപവും ഉൾപ്പെടെ എല്ലാ വിഷയങ്ങളും ചർച്ചയ്ക്കു വരുത്തുകയും ചെയ്യാം. എന്തായാലും കൂടിയാലോചിച്ചു തീരുമാനമെടുക്കാൻ ആറാഴ്ചയെങ്കിലും സമയമുണ്ട്.

വാൽക്കഷണം: കറുപ്പുനിറം കണ്ടാൽ ബിഹാർ പൊലീസിനും കലികയറാൻ തുടങ്ങി. മുൻപു ഡൽഹി പൊലീസിനും ഉത്തർപ്രദേശ് പൊലീസിനുമായിരുന്നു കറുപ്പിനോടു കലി. മുഖ്യമന്ത്രി നിതീഷ് കുമാറിനു നേരെ ആരെങ്കിലും കറുപ്പു ഷർട്ടോ ഷാളോ ഉയർത്തി പ്രതിഷേധിക്കുമോ എന്നാണു ബിഹാർ പൊലീസിന്റെ പേടി. കഴിഞ്ഞ വർഷം അണ്ണാ ഹസാരെയുടെ സമരം കൊടുമ്പിരിക്കൊള്ളുന്നതിനിടെ കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി ഡൽഹിയിൽ റാലി സംഘടിപ്പിച്ചു. റാലിക്കു പോകുന്നവരോടു കറുപ്പുവസ്ത്രം ധരിക്കരുതെന്നു പൊലീസ് നിർദേശിച്ചിരുന്നു. ഉത്തർപ്രദേശിൽ മായാവതി രണ്ടുതവണ റാലി സംഘടിപ്പിച്ചപ്പോഴും കറുപ്പിനു നിയന്ത്രണമുണ്ടായിരുന്നു. എന്നാൽ വിജ്ഞാൻ ഭവനിൽ മൻമോഹൻ സിങ്ങിനെതിരെ പ്രതിഷേധിച്ചയാൾ ഊരിക്കാട്ടിയതു നിറമുള്ള ഷർട്ടാണ്.